**വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെനടപടിക്രമം**
(അവതരണം :**RADHAKRISHNAN P** )

നം.DIC/14448/2018-EB1 തീയതി :**14/02/2020**

വിഷയം:വ്യവസായവകുപ്പ് -ജീവനക്കാര്യം — സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് / അപ്പർ ഡിവിഷൻ -ടൈപ്പിസ്റ്റ്/ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും സ്ഥാനക്കയറ്റം- നിയമനം- നൽകി ഉത്തരവാകുന്നത് -സംബന്ധിച്ച്.

പരാമർശം:-31/10/2019 തീയതിയിലെ ഇടുക്കി ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ A1-809/2018 നമ്പർ നടപടി ക്രമം.

മേൽ പരാമർശം പ്രകാരം ഇടുക്കി ജില്ലാ വ്യവസായ കേന്ദ്രത്തിലെ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് ആയ ശ്രീ രാജൻ പി കെ സർക്കാർ സേവനം പൂർത്തികരിച്ച് 31/10/2019 തീയതിയിൽ ജോലിയിൽ നിന്നും വിടുതൽ ചെയ്ത് ഉത്തരവായിട്ടുണ്ട്. ആയതിനാൽ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിൽ ഒരു ഒഴിവ് നിലവിലുണ്ട് . സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് , സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് , അപ്പർ ഡിവിഷൻ ടൈപ്പിസ്റ്റ് എന്നി തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളിലേക്ക് 1:1:1:1 അനുപാതം ക്രമപ്പെടുത്തി സ്ഥാനക്കയറ്റം നൽകേണ്ടതുണ്ട്.

09/07/2019 തീയതിയിലെ DIC/1722/2019-EB1 നമ്പർ സീനിയോരിറ്റി ലിസ്റ്റ് പ്രകാരം സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും സീനിയോറിറ്റി നമ്പർ 47/12 ആയിട്ടുള്ള ശ്രീമതി ലേഖ കെ യ്ക്കാണ് അവസാനമായി സ്ഥാനക്കയറ്റം നൽകിയത് . അടുത്തതായി സ്ഥാനക്കയറ്റത്തിന് അർഹതയുള്ളത് സീനിയോരിറ്റി നമ്പർ 49/12 ആയിട്ടുള്ള ശ്രീമതി സ്മിതദേവി കെ സി യ്ക്ക് സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റായി സ്ഥാനക്കയറ്റം നൽകേണ്ടതുണ്ട്. അപ്പർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികയിലെ എല്ലാ ഉദ്യോഗസ്ഥരും സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം ത്യജിച്ചിട്ടുള്ളതാണ് . ആയതിനാൽ ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിലേക്കാണ് സ്ഥാനക്കയറ്റം നൽകേണ്ടത്. നിലവിൽ ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും ശ്രീമതി . ആശ ഐ (സീനിയോറിറ്റി നമ്പർ 79/16) എന്നവർക്കാണ് അവസാനമായി സ്ഥാനക്കയറ്റം നൽകിയത്. അടുത്തതായി സ്ഥാനക്കയറ്റത്തിന് അർഹതയുള്ളത് സീനിയോറിറ്റി നമ്പർ 81/17 ആയിട്ടുള്ള ശ്രീമതി ചെറുപുഷ്പം ബി വൈ, ലോവർ ഡിവിഷൻ ടൈപ്പിസ്റ്റിനു സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റായി സ്ഥാനക്കയറ്റം നൽകേണ്ടതുണ്ട്. അതിനാൽ ഈ ഉത്തരവ് പുറപ്പെടുവിക്കുന്നു.

## ഉത്തരവ്

മേൽ പ്രസ്താവനകളുടെ അടിസ്ഥാനത്തിൽ ശ്രീമതി സ്മിതദേവി കെ സി , ശ്രീമതി ചെറുപുഷ്പം ബി വൈ എന്നിവർക്ക് സീനിയോറിറ്റിയുടെയും യോഗ്യതയുടെയും അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം നൽകി ചുവടെ പറയും പ്രകാരം ഉത്തരവാകുന്നു

| നം | സീനിയോരിറ്റി നമ്പർ | പേര് തസ്തിക നിലവിലെ ഓഫീസ് | സ്ഥാനക്കയറ്റം നൽകുന്ന തസ്തിക | പ്രാബല്യ തീയതി | സ്ഥാനക്കയറ്റം നൽകുന്ന തസ്തികയിലെ ശമ്പള സ്കെയിൽ |
|---|---|---|---|---|---|
| 1 | 49/12 | ശ്രീമതി സ്മിതദേവി കെ സി , സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്, ജില്ലാ വ്യവസായ കേന്ദ്രം , കോട്ടയം . | സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് ( ശ്രീ രാജരൻ പി കെ വിരമിച്ച ഒഴിവ് ) | 01/11/2019 | 27800-59400 |
| 2 | 81/17 | ശ്രീമതി ചെറുപുഷ്പം ബി വൈ, ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ്, കൈത്തറി & ടെക്സ്റ്റൈൽസ്, ഡയറക്ടറേറ്റ്, തിരുവനന്തപുരം. | അപ്പർ ഡിവിഷൻ ടൈപ്പിസ്റ്റ് ( Notional Fixation മാത്രം) | 01/11/2019 | 25200-54000 |
| | | | സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് (ശ്രീമതി സ്മിതദേവി കെ സി യ്ക്ക് സ്ഥാനക്കയറ്റം നൽകിയ ഒഴിവ് ) | 01/11/2019 | 26500-56700 |

സ്ഥാനക്കയറ്റം സ്വീകരിക്കുന്ന ജീവനക്കാർക്ക് G.O(P) No.07/2016/Fin തീയതി 20.01.2016 പ്രകാരമുള്ള ശമ്പള നിർണയം നിയന്ത്രണാധികാരികൾ നിർണയിച്ച് നൽകേണ്ടതാണ്.

ഒപ്പ്/-
RADHAKRISHNAN P
SENIOR ADMINISTRATIVE OFFICER

സ്വീകർത്താവ് :- 1 ശ്രീമതി സ്മിതദേവി കെ സി , സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്, ജില്ലാ വ്യവസായ കേന്ദ്രം , കോട്ടയം .

2 ശ്രീമതി ചെറുപുഷ്പം ബി വൈ, ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് , കൈത്തറി & ടെക്സ്റ്റൈൽസ്, ഡയറക്ടറേറ്റ്.

പകർപ്പ് :-1. ഡയറക്ടർ , കൈത്തറി & ടെക്സ്റ്റൈൽസ്, ഡയറക്ടറേറ്റ്.

2 ജനറൽ മാനേജർ , ജില്ലാ വ്യവസായ കേന്ദ്രം , കോട്ടയം .

3. IT സെക്ഷൻ

4 സൂക്ഷിപ്പ് ഫയൽ .

ഉത്തരവിൻപ്രകാരം

ജൂനിയർസൂപ്രണ്ട്